**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** **13-10-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര ജലവിഭവ മാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ സമഗ്ര ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശരാശരി 3000 മി.മീറ്റർ മഴലഭ്യതയുള്ള കേരളത്തിൽ, മഴക്കാലം കഴിയുന്നതോടുകൂടി ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങൾ വർദ്ധിക്കുന്നതായും കാണുന്നു. ഇത് പരിഗണിച്ച് ജലവിഭവ ആസൂത്രണവും മാനേജ്മെന്റും കൂടുതൽ ശാസ്ത്രീയവും ജനപങ്കാളിത്തത്തോടു കൂടിയതു മാക്കുന്നതിന് പ്രധാന്യം നൽകികൊണ്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | സംയോജിത നീർത്തടാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളിൽപെടുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ പദ്ധതിയിലും മണ്ണ് സർവ്വേ വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായും നിർവ്വഹിക്കുന്നു. കുളങ്ങളുടെ സംരക്ഷണവും, സംഭരണശേഷി വർദ്ധിപ്പിക്കൽ, തോടുകളിലെയും നദികളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ, ഭൂജലപോഷണം സാധ്യമാകും വിധമുള്ള ചെറുതടയണകൾ/ വെന്റഡ് ക്രോസ് ബാറുകൾ എന്നിവയുടെ നിർമ്മാണം എന്നതിനൊപ്പം നദികളെ ചെറു സംഭരണികളാക്കി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തടയണ/ റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണവും നടത്തുന്നു. ഹരിതകേരളം മിഷൻ വഴി ജലമേഖലയിലെ ഇടപെടലിന് സഹായകരമായ രീതിയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും നീർത്തട പ്ലാനുകളും ബ്ലോക്കടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനം അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്ത് ആകെയുള്ള 1034 |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നീർത്തട പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായി. 'ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പ്ലാൻ പദ്ധതി പ്രകാരം വിവിധ ഭൂജല സംപോഷണ പദ്ധതികൾ ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ / റീചാർജ്ജ് പിറ്റ് / കുഴൽകിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ചെറുനീർത്തടാടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളെ പ്രത്യേക പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; ഇതിനായി നിയോഗിച്ച സമിതിയുടെ കണ്ടെത്തൽ വിശദീകരിക്കുമോ; | (സി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളെക്കുറിച്ചുള്ള പ്രത്യേക പഠനം ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടില്ല. |
| (ഡി) | ഭൂഗർഭ ജലത്തിന്റെ ശോഷണവും കടുത്ത വേനലും നേരിടേണ്ടി വരുന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണം ഊർജ്ജിതമാക്കുന്നതിന് വേണ്ടി മഴവെള്ളം ഭൂമിക്കടിയിലേക്ക് എത്തിച്ച് ഭൂഗർഭ ജല വിതാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ഡി) | മഴവെള്ള സംഭരണം വർദ്ധിപ്പിക്കുന്നതിനായി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനായി ചളി/എക്കൽ എന്നിവ മാറ്റുക, തോടുകളിൽ ചെറുതടയണകൾ നിർമ്മിക്കുക, നദികൾ ഉള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ ഭൂജലപോഷണം സാധ്യമാകുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 62921 കിണർ റീചാർജ്ജിംഗ് സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാനത്താകെ 412 കിലോമീറ്റർ നദികളും 45736 കിലോമീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. 18883 കുളങ്ങൾ നിർമ്മിക്കുകയും 25241 കുളങ്ങൾ നവീകരിക്കുകയും ചെയ്തു. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ ഭൂജലവിതാനം വർദ്ധിപ്പിക്കുന്നതിനായി 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലവകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ജലനിധിയിൽ മഴവെള്ള സംഭരണം ഊർജ്ജിതമാക്കുന്നതിനായി കെ.ആർ.ഡബ്ല്യു. എസ്.എ യുടെ ഭാഗമായ 'മഴകേന്ദ്രം', പ്ലാൻസ്കീമിൽ ഉൾപ്പെടുത്തി 'മഴവെള്ളസംഭരണം-ഭൂജലപരിപോഷണം പദ്ധതി' നടപ്പാക്കുന്നുണ്ട്. കിണർ റീചാർജിങ്ങും പുരപ്പുറ മഴവെള്ള ശേഖരണത്തിനായി മഴവെള്ള സംഭരണികൾ നിർമിച്ചു നൽകുന്നതുമാണ് പ്രധാന പദ്ധതികൾ. സംസ്ഥാനത്തെ 10 ജില്ലകളിലായി 20 |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകളിലെ 8464 കിണറുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, മഴവെള്ളം കടത്തി വിട്ടുള്ള റീചാർജിങ്, ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൂടുതൽ കിണറുകൾ സ്ഥായിയായ ജലസ്രോതസുകളാക്കി മാറ്റി ഭൂഗർഭ ജലവിതാനം വർധിപ്പിക്കുന്നതിനായി സാധിക്കുന്നതാണ്. |
| (ഇ) | മെച്ചപ്പെട്ട ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്നും ഇതിന്റെ ഭാഗമായി ജലസംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി വിപുലമായ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്നും വിശദമാക്കാമോ? | (ഇ) | മെച്ചപ്പെട്ട ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചും ജലസംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രചരണ പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

ശാസ്ത്രീയ മാർഗ്ഗത്തിലൂടെ ജലവിഭവ മാനേജ്മെന്റ് ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം ജലബഡ്ജറ്റ് തയ്യാറാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യഘട്ടമായി വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിൽ സി.ഡബ്ല്യു.ആർ.ഡി.എം. ന്റെ സാങ്കേതിക സഹായത്തോടെ വാട്ടർ ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഈ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്ക് ഈ പ്രവർത്തനം വ്യാപിപ്പിക്കാനാകും.

കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്തുവാൻ ആവശ്യമായ അളവിൽ ജലസംഭരണികൾ ഇല്ലാത്തതും ഭൂഗർഭജല റീചാർജ്ജിങ്ങ് മതിയായ രീതിയിൽ നടക്കാത്തതുമാണ് കുടിവെള്ള സ്രോതസുകളിൽ എല്ലാം മഴയുടെ തോതനുസരിച്ച് മാത്രം ജലലഭ്യത ഉള്ളതിനാൽ മഴയിൽ ഉണ്ടാകുന്ന വ്യതിയാനം കുടിവെള്ള പദ്ധതികളിൽ ബാധിക്കാറുണ്ട്. ഈ പ്രശ്നത്തിന് ഒരു പരിഹാരം നദികളിൽ ആവശ്യത്തിന് ജല സംഭരണത്തിനായി അണക്കെട്ടുകൾ നിർമ്മിക്കുക എന്നതാണ് അതു പോലെ തന്നെ നദികൾ അല്ലാത്ത മറ്റ് ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും നദികളുടെ തന്നെ കൈവഴികളിലും പോഷക നദികളിലും ജലലഭ്യത ഉറപ്പ വരുത്തുകയും വേണം. സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജലസംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവായതിനാൽ പ്രധാനനദികളിലും അവയുടെ കൈവഴികളിലും ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികൾ ആക്കി മാറ്റി ജലം സംരക്ഷിക്കുവാനുമുള്ള സമീപനം കൈക്കൊള്ളുന്നതാണ് ഉചിതം. കൂടാതെ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങിയ അത്യാവശ്യ ജലസംരക്ഷണ പ്രവൃത്തികൾ ആവശ്യാനുസരണം നടപ്പിലാക്കിവരുന്നു.

ഭൂജല വികസനത്തിനും, സംരക്ഷണത്തിനും ഉതകുന്ന തരത്തിലുള്ള പ്ലാൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്ത് ലഭ്യമായ ഭൂജലവിഭവത്തിന്റെ തോത് കാലാകാലങ്ങളിൽ നിർണ്ണയിച്ച് വരുന്നു.

ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂഗർഭജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ കണ്ടെത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണകിണറുകളിലെ (756 എണ്ണം) ജലവിതാനം അതാത് മാസം ശേഖരിച്ച് വിശകലനം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽ സൂക്ഷ്മ ജലസേചനം (Micro Irrigation) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റത്തിനാൽ മൈക്രോ ഇറിഗേഷൻ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടമലയാർ ജലസേചന പദ്ധതിയുടെ ഭാഗമായ ലിങ്ക് കനാൽ നിർമ്മിച്ച് പെരിയാർ നദീതടത്തിൽ നിന്നും അധികം വരുന്ന ജലം

അന്തർ നദീതട ജലസംയോജനം വഴി ചാലക്കുടി നദീതടത്തിലെത്തിച്ച് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനുള്ള സാധ്യതാ പഠനം പുരോഗമിച്ചുവരുന്നു. നെയ്യാർ ഡാമിൽ നിന്ന് ജലം കനാൽ മാർഗ്ഗം കരമന നദിയിൽ എത്തിക്കുന്നതിനുള്ള സർവ്വേ ജോലികൾ നടന്നുവരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ജലസുരക്ഷാ രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾക്കായി സ്രോതസ്സുകൾ തെരഞ്ഞെടുക്കുന്നത് ജല സുരക്ഷാ രൂപരേഖയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ പരിശോധനകൾ നടത്തി ജല ലഭ്യത ഉറപ്പാക്കിയ ശേഷമാണ്.

## അനുബന്ധം 2

ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ നാല് പ്രധാന ലക്ഷ്യങ്ങളി ലൊന്ന് "പുതിയൊരു ജലസംരക്ഷണ- വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക" എന്നതാണ്. ഇത് നേടുന്നതിനായി വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകൃതമായിട്ടുള്ള സാങ്കേതികസമിതിയുടെ നേതൃത്വത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള യോഗങ്ങളും, നീർത്തട/ നദീയാത്രകളും നടത്തുകയും ജലസംഭരണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുകയും ചെയ്തു. ഇതോടൊപ്പം, വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും, തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ എന്നിവർക്കും പരിശീലന- ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. കൂടാതെ, ജലസംരക്ഷണത്തിന്റെ പ്രാധാന്യം, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, പരമ്പരാഗത ജലസംരക്ഷണ മാർഗ്ഗങ്ങളുടെ പ്രചാരം എന്നിവ ലക്ഷ്യമിട്ട് ഗ്രാമ പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ജല പാർലമെന്റുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം, ആവർത്തിക്കാൻ കഴിയുന്ന മാതൃകകൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ "സ്ഥാപനങ്ങളിലെ വാട്ടർ ആഡിറ്റിംഗ്" നടത്തി ജല ഉപയോഗ നഷ്ടം കുറച്ച് ജലഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിലെ എട്ട് സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്നതിനു കഴിഞ്ഞു. ഇത്തരം ശാസ്ത്രീയമായ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ തുടർന്നുകൊണ്ട് പോകുന്നതിന് "നവകേരളം കർമ്മ പദ്ധതി II" ന്റെ ഭാഗമായി മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു.

ജലസംരക്ഷണത്തിന്റെയും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന്റെയും പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനു ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് 'ജലമാണ് ജീവൻ', 'ഹരിതോത്സവം' എന്നീ പരിപാടികളിലൂടെ കുട്ടികളിൽ ജലസംരക്ഷണത്തിന്റെയും ജലമിത ഉപയോഗത്തിന്റെയും പാഠങ്ങൾ എത്തിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ അയൽക്കൂട്ടങ്ങൾ വഴിയുള്ള ജലസംരക്ഷണ പ്രചാരണവും ഏറ്റെടുത്തിട്ടുണ്ട്. ജലസംരക്ഷണത്തിനും ജലമിത വ്യയത്തിനും ഊന്നൽ നൽകിക്കൊണ്ട് 'ജലമാണ് ജീവൻ' എന്ന പേരിൽ ഒരു കൈപ്പുസ്തകവും ലഘുലേഖയും തയ്യാറാക്കി വ്യാപകമായി പ്രചരിപ്പിച്ചു. ജലസ്രോതസ്സുകൾ മലിനീകരിക്കുന്നതിനെതിരെയുള്ള പ്രചാരണവും 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കുന്നതിനുള്ള പ്രചാരണവും നടന്നുവരുന്നു. പരമ്പരാഗതമായി കിണറുകൾ വൃത്തിയാക്കുന്ന രീതി തിരിച്ചു കൊണ്ടുവരുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് ജലഗുണനിലവാര പരിശോധനാ സംവിധാനം സ്ഥാപിച്ച് കിണറുകളിലെയും കുളങ്ങളിലെയും ജല സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള സംവിധാനം ഹയർ സെക്കൻഡറി സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ 212 ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 19 സ്കൂളുകളിൽ ഇതിനകം തന്നെ പ്രസ്തുത ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

'ഭൂജല നിയന്ത്രണവും ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്കടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കുമായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 65 സെമിനാറുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം 70 സെമിനാറുകൾ നടത്തുന്നതിനായി ലക്ഷ്യമിടുന്നു.

തപാൽ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ അമിതചൂഷിത (over exploited), ചൂഷിത (critical) ബ്ലോക്കുകളിൽ വിതരണം ചെയ്യുന്ന പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ പാസ്സ് ബുക്കുകളിൽ ജലസംരക്ഷണ സന്ദേശം പരസ്യം ചെയ്യുകയുണ്ടായി.

- പഞ്ചായത്തുകളിൽ ജൽജീവൻ മിഷന്റെ നിർവഹണ സഹായ ഏജൻസി (ഐ എസ് എ) ആയി സന്നദ്ധ സംഘടനകളെ നിയമിക്കുകയും, ഐ എസ് എയുടെ സഹായത്തോടെ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റി (ജി. പി. ഡബ്ല്യൂ. എസ്. സി.) അംഗങ്ങൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃസമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, കുടുംബശ്രീ, അങ്കൻവാടി അധ്യാപകർ, ആശാപ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു.
- ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉണ്ടാക്കുന്നതിനായി പഞ്ചായത്തുകളിൽ വിദ്യാർഥികളെയും കുടുംബശ്രീ അംഗങ്ങളെയും പങ്കെടുപ്പിച്ചു ജലസാക്ഷരത റാലികൾ, വിദ്യാർഥികൾക്കായി മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു
- സ്കൂളുകളിൽ ജലശ്രീക്ലബ്ബുകൾ രൂപീകരിച്ച് ജല സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ജലശ്രീക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കി വിതരണം ചെയ്തു.
- ജലസംരക്ഷണ ശുചിത്വ സന്ദേശങ്ങൾ ഉള്ള റേഡിയോ-ടിവി പരസ്യങ്ങൾ, ചുവരെഴുത്ത്, ഹോർഡിങ്ങ്സ്, പോസ്റ്ററുകൾ, സ്കൂൾ കുട്ടികൾക്ക് നെയിം സ്ലിപ്പ്- ടൈം ടേബിൾ കാർഡ്- പെൻസിൽ പൗച്ച് എന്നിവയുടെ വിതരണം, സ്കൂൾ തല മത്സരങ്ങൾ, അങ്കൻവാടി കുട്ടികൾക്ക് നെയിം സ്ലിപ്പ് - പെൻസിൽ - പൗച്ച് - വാട്ടർ ബോട്ടിൽ - സ്കൂൾ ബാഗ് വിതരണം, പഞ്ചായത്തിലും ആരോഗ്യ കേന്ദ്രത്തിലും ജല പരിശോധന ലാബുകളിലും എൽ.ഇ.ഡി വീഡിയോ വാളുകൾ, പഞ്ചായത്തുകളിൽ മൈക്ക് അനൗൺസ്മെന്റുകൾ, വാട്ടർ റിസോഴ്സ് മാപ്പിംഗ്, തെരുവുനാടകം / ഫ്ലാഷ് മോബ് / കിറ്റി ഷോ / പപ്പെറ്റ് ഷോ, കലാജാഥ, നാടൻപാട്ടുകൾ, റാലികൾ, ഗ്രാമ സഭ, സെമിനാറുകൾ, പ്രദർശനങ്ങൾ, ലഘുലേഖകൾ, പരിശീലനങ്ങൾ തുടങ്ങിയവയും നടത്താൻ ഉദ്ദേശിക്കുന്നു.
- ലോകജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽകൊടുത്തു കൊണ്ട് സെമിനാറുകൾ എന്നിവ നടത്താനുദ്ദേശിക്കുന്നുണ്ട്.
- സാമൂഹ്യ കുടിവെള്ള പദ്ധതികളിൽ പൈപ്പ് ലൈനുകളിൽ ലീക്ക് ഇല്ലായെന്ന് ഉറപ്പുവരുത്താൻ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു, വാട്ടർ മീറ്ററുകൾ പ്രവർത്തനക്ഷമ മാണെന്ന് ഉറപ്പുവരുത്തുന്നു.
- ജല ദുരുപയോഗത്തിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാട്ടർ ഓഡിറ്റിംഗിന് സമിതികളെ സജ്ജരാക്കുന്നു.

മഴവെള്ള സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളിലെത്തിക്കുവാൻ സഹായകരമായ ഇൻഫർമേഷൻ, എഡ്യൂക്കേഷൻ & കമ്മ്യൂണിക്കേഷൻ (IEC) പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മാതൃക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ/ നിർമ്മിതികൾ തുടങ്ങിയവ നടത്തുന്നുണ്ട്.

ജൽ ജീവൻ പദ്ധതി നടപ്പാക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികളെയും അധ്യാപകരെയും മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ ബോധവത്കരണക്ലാസുകൾ സംഘടിപ്പിച്ച് ക്ലബ്ബുകൾ രൂപീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സജ്ജരാക്കുന്നു.